സംസ്ക്കരണ യൂണിറ്റിൽ ഇപ്പോൾ ബസുമതി നെല്ല് സംസ്ക്കരിക്കുന്നുണ്ട്. വയനാട്ടിലും മറ്റു ദൂരസ്ഥലങ്ങളിലും ഉല്പാദിപ്പിക്കുന്ന ബസുമതി നെല്ല് ഈ യൂണിറ്റിൽ കൊണ്ടുവന്ന് സംസ്ക്കരിക്കുന്നത് പ്രയോഗികമല്ല. തന്നെയുമല്ല ബസുമതി ഇനങ്ങൾ നല്ലവിളവ് തരുമെങ്കിലും നമ്മുടെ കാലാവസ്ഥയിൽ അരിയുടെ നിലവാരം വ്യക്തമായിട്ടില്ലാത്തതിനാലും പേറ്റന്റ് നിയമമനുസരിച്ച് അവ "ബസുമതി" കൃഷിയായി കണക്കാക്കാൻ ചില സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടായേക്കാമെന്നതിനാലും "ബസുമതി" കൃഷിയേക്കാൾ നല്ലത് നമ്മുടെ തന്നെ പരമ്പരാഗത സുഗന്ധനെല്ലിനങ്ങളായ കായമ/ജീരകശാല/ഗന്ധകശാല എന്നിവയ്ക്ക് മുൻതൂക്കം നൽകുന്നതാകും അഭികാമ്യമെന്ന് കേരള കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

ഗ്രീനിംഗ് ദി സ്റ്റേറ്റ് പദ്ധതി

7 (*693) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രീനിംഗ് ദി സ്റ്റേറ്റ്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പദ്ധതി മുഖേന എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഈ പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കി ; ഓരോ ജില്ലയിലും ഇതിനുവേണ്ടി എന്തു തുക വീതം ചെലവാക്കിയെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ ഏതെല്ലാം സംഘടനകളുടെ പങ്കാളിത്തം നാളിതുവരെ ഉറപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതി എത്രകാലം കൊണ്ട് പൂർണ്ണമാക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ഉണ്ട്. വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസം, പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുടേയും എൻ. എസ്.എസ്. വോളണ്ടിയർമാരുടേയും, മറ്റ് സന്നദ്ധ സംഘടനകളുടേയും, പൊതുജനങ്ങളുടേയും സമ്പൂർണ്ണ സഹകരണത്തോടും പങ്കാളിത്തത്തോടും കൂടി സംസ്ഥാനത്തെ നാഷണൽ ഹൈവേകളുടേയും സ്റ്റേറ്റ് ഹൈവേകളുടേയും ഇരുവശങ്ങളിലും, മറ്റ് തരിശുഭൂമികളിലും ഗവൺമെന്റ് - ഗവൺമെന്റിതര സ്ഥാപനങ്ങളുടെ കോമ്പൗണ്ടുകളിലും മരം വച്ചുപിടിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'ഹരിതോൽസവം' (Greening the State Programme) എന്ന പേരിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇപ്രകാരം നട്ടുപിടിപ്പിക്കുന്ന തൈകളുടെ സംരക്ഷണം, വനം വകുപ്പിന്റെ സഹകരണത്തോടുകൂടി സന്നദ്ധ സംഘടനകളേയും, എൻ. എസ്. എസ് വോളന്റിയർമാരെയുമാണ് ഏൽപ്പിച്ചിട്ടുള്ളത്. പ്രസ്തുത പരിപാടിയുടെ ഭാഗമായി 2003-2004 വർഷത്തിൽ നടുന്നതിനായി റോഡ് സൈഡിൽ

LIBRARY ARCHIVES Kerala Legislative Assembly

ഓരോ ഡിവിഷനിലും 25000 വലിയ തൈകളും, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗിന് 25000 തൈകളും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ട്രീ ഗാർഡുകൾ സ്പോൺസർഷിപ്പായി ലഭിക്കുന്ന മുറയ്ക്ക് റോഡ് സൈഡുകളിൽ മരങ്ങൾ നടുന്നതിനാണ് ഈ വർഷം ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ 14 ജില്ലകളിലും പ്രസ്തുത പദ്ധതി 2002-2003 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിക്ക് ചെലവായ തുക (2003 മാർച്ച് വരെ) ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	1,90,874	രൂപ
കൊല്ലം	1,99,943	"
പത്തനംതിട്ട	1,28,528	"
ആലപ്പുഴ	1,24,200	"
കോട്ടയം	1,90,710	"
ഇടുക്കി	2,00,000	"
എറണാകുളം	1,98,685	"
തൃശ്ശൂർ	2,00,000	"
പാലക്കാട്	1,65,902	"
മലപ്പുറം	1,50,643	"
കോഴിക്കോട്	1,99,766	"
വയനാട്	86,414	"
കണ്ണൂർ	1,99,906	"
കാസർഗോഡ്	2,49,613	"

(സി) പ്രസ്തുത സംരംഭം നടപ്പിലാക്കിയത് എൻ. എസ്. എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടും പങ്കാളിത്തത്തോടും കൂടിയാണ്. കൂടാതെ ഹരിതോൽസവത്തിൽ നട്ട ചെടികളുടെ സംരക്ഷണം വനം വകുപ്പിന്റെ സഹകരണത്തോടുകൂടി എൻ.എസ്.എസ്. വോളണ്ടിയർമാരെയും മറ്റ് സന്നദ്ധ സംഘടനകളെയുമാണ് ഏൽപ്പിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പിനും പ്രസ്തുത സന്നദ്ധസംഘടനകളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

(ഡി) ഗ്രീനിംഗ് ദി സ്റ്റേറ്റ് പ്രോഗ്രാം 2002-ൽ തുടങ്ങി 2007 വരെ തുടരുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതിനായി വിശദമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly